# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1726 | 05.12.2014 ൽ മറുപടിയ്ക്ക്

## ശുചിത്വമിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ശുചിത്വ മിഷൻ വഴി കുട്ടനാട്ടിൽ ടോയ്-ലെറ്റുകൾ നിർമ്മിക്കു ന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീക രിച്ച നടപടികൾ വിശദമാക്കുമോ; | (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി എക്കോസാൻ ടോയ്-ലെറ്റുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചപ്പോൾ പ്രാദേശികമായി എതിർപ്പുകൾ വന്ന സാഹചര്യത്തിൽ കക്കൂസ് മാലിന്യം സുരക്ഷിതമായും പരിസ്ഥിതി സൗഹൃദമായും കൈകാര്യം ചെയ്യത്തക്ക ഇതര സാങ്കേതിക വിദ്യയുള്ള ഗാർഹിക ടോയ്-ലെറ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനു വേണ്ടി സർവ്വീസ് പ്രൊവൈഡർമാരിൽ നിന്ന് താത്പര്യ പത്രം (Expression of Interest) ക്ഷണിക്കുകയുണ്ടായി. തുടർന്ന് അനുയോജ്യമായ ടെക്നോളജി നിർദ്ദേശിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക-ധനകാര്യ ബിഡുകൾ സ്വീകരിക്കുക യുണ്ടായി. എന്നാൽ ഒരു കക്കൂസ് നിർമ്മിക്കു ന്നതിന് വളരെ ഉയർന്ന തുക ക്വോട്ട് ചെയ്ത സാഹചര്യത്തിൽ അത് ഒഴിവാക്കുവാൻ തീരുമാനിക്കുകയും തുടർന്ന് ചെലവ് ചുരുക്കിയും അതേ സമയം സാങ്കേതിക മികവുള്ളതും പരിസ്ഥിതി സൗഹൃദവുമായ ഗാർഹിക കക്കൂസ് ഉറപ്പാക്കുന്നതിനായി പൈലറ്റ് അടിസ്ഥാനത്തിൽ ഒരു വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കു ന്നതിന് ടെണ്ടർ വിളിക്കുകയുണ്ടായി. അതിൻ പ്രകാരം വ്യത്യസ്തമായ സാങ്കേതിക വിദ്യ നിർദ്ദേശിക്കപ്പെട്ട രണ്ടു സ്ഥാപനങ്ങൾ കുട്ടനാട്ടിൽ നിലവിൽ പൈലറ്റ് ആയി ഗാർഹിക കക്കൂസ് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. |
| (ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) 1,70,000/- (ഒരു ലക്ഷത്തി എഴുപതിനായിരം) രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ തെരഞ്ഞെടുത്ത രീതി വിശദമാക്കുമോ ? | (സി) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ